പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4735** **05. 02. 2014** - ലെ മറുപടി

<u>ചിറയിൻകീഴിൽ സാന്ത്വന പദ്ധതിയിൽ ധനസഹായത്തിന് അപേക്ഷിച്ചവർ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സാന്ത്വന പദ്ധതിയിൽ ധനസഹായത്തിന് അപേക്ഷിക്കുന്നവർക്ക് സഹായം ലഭ്യമാകാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ആവശ്യമായ എല്ലാ രേഖകളും സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിന്മേലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ ; | ബി) സാന്ത്വന പദ്ധതിക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് ഈ പദ്ധതിക്കുള്ള ഗുണഭോക്താക്കളെ നിശ്ചയിച്ച് വരുന്നത്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്ന ഏറ്റവും ചുരുങ്ങിയ രേഖകൾ മാത്രമേ അപേക്ഷകരിൽനിന്ന് ആവശ്യപ്പെടാറുള്ളൂ. അങ്ങനെ ലഭിക്കുന്ന അപേക്ഷകളിൽ നോർക്ക റൂട്ട്സിന്റെ പ്രാദേശിക ഓഫീസുകൾ വഴി അന്വേഷണം നടത്തി പ്രസ്തുത അന്വേഷണ റിപ്പോർട്ടും മറ്റും ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശാക്കത്തുസഹിതം സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും സർക്കാർ ഉത്തരവനുസരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുകയുമാണ് ചെയ്തുവരുന്നത്. പദ്ധതിപ്രകാരമുള്ള വിവിധ രേഖകളും റിപ്പോർട്ടുകളും തയ്യാറാക്കുന്നത് ത്വരിതപ്പെടുത്തുന്നതിനായി നോർക്ക റൂട്ട്സിൽ പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരുന്നുണ്ട് . |
| (സി) ചിറയിൻകീഴ് താലൂക്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് പേരും മേൽവിലാസവും ലഭിച്ച തുകയുമുൾപ്പെടെ വിശദമാക്കാമോ? | സി) സാന്ത്വന പദ്ധതിയുടെ ഗുണഭോക്താക്കളുടെ പട്ടിക താലൂക്കടിസ്ഥാനത്തിൽ വകുപ്പ് ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല. എങ്കിലും 2013-14 സാമ്പത്തിക വർഷത്തിൽ നാളിതുവരെ തിരുവനന്തപുരം ജില്ലയിലെ 106 ഗുണഭോക്താക്കൾക്കായി 29,62,500/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ